7
വെള്ളി
2018 സപ്തംബർ
1194 ചിങ്ങം 22

മക്തബ്

www.makthabdaily.com

റെഡിമെയ്ഡ്
കട്ടിള
ജനൽ
ഡോർ
കട്ടിള 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
സോന വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013

തളിപ്പറമ്പ പുസ്തകം 11 ലക്കം 271 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2018-20 Ph: 0460- 2208010 പേജ് 4 വില: 5.00 രൂപ

കണ്ണപുരത്ത് ബൈക്ക് നിയന്ത്രണം വിട്ട് മറിഞ്ഞ് യുവാവ് മരിച്ചു; മറ്റൊരാൾക്ക് പരിക്ക്

റസ്മിൽ മുഹമ്മദ്

കണ്ണപുരം: ബൈക്ക് നിയന്ത്രണം വിട്ട് റോഡരികിലെ കുഴിയിലേക്ക് മറിഞ്ഞ് യുവാവ് മരണമടഞ്ഞു. ബൈക്കോടിച്ച ആൾക്ക് ഗുരുതരമായി പരിക്കേറ്റു. തലശേരി നെട്ടൂർ ഷാജിറ മൻസിലിൽ റസ്മിൽ മുഹമ്മദ് (26) ആണ് മരിച്ചത്. ബൈക്കോടിച്ച തലശേരി കോടതിക്ക് സമീപത്തെ സജീറിനെ (23) പരിയാരം മെഡി. കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്ന് പുലർച്ചെ 5.15 ഓടെ ചെറുകുന്ന് പഞ്ചായത്ത് ഓഫീസിന് സമീപമായിരുന്നു അപകടം. തലശേരിയിലെ കൺസ്ട്രക്ഷൻ കമ്പനിയായ ഗ്രെയ്റ്റ് ബിൽഡേർസിന്റെ സൂപ്പർ വൈസറാണ് റസ്മിൽ. പയ്യന്നൂരിൽ ഇന്ന് ഗൃഹപ്രവേശം നടക്കേണ്ട വീടിന്റെ അവസാന മിനുക്കു പണി പൂർത്തിയാക്കി ഇരുവരും തലശേരിയിലേക്ക് മടങ്ങുകയായിരുന്നു. റഫീഖ്-സഫൂറ ദമ്പതികളുടെ മകനാണ് റസ്മിൽ. മൂന്ന് സഹോദരിമാരുണ്ട്.

കാസർക്കോട് കാർ നിയന്ത്രണംവിട്ട് മറിഞ്ഞ് യുവാവ് മരിച്ചു

കാസർക്കോട്: കാർ അപകടത്തിൽപെട്ട് യുവാവ് മരിച്ചു. പെരുമ്പള മാളികഹൗസിൽ അബ്ദുള്ള ഹാജി-ഫാത്തിമ ദമ്പതികളുടെ മകൻ അഹമ്മദ് ഫഹദ് (26) ആണ് മരിച്ചത്. ഇന്ന് പുലർച്ചെ രണ്ടുമണിയോടെ നായന്മാർമൂലയിലായിരുന്നു അപകടം. മംഗലാപുരം വിമാനത്താവളത്തിൽ പോയി മടങ്ങുകയായിരുന്നു ഫഹദ്. ചെർക്കളയിൽ സുഹൃത്തിനെ ഇറക്കി തിരിച്ച് വീട്ടിലേക്ക് വരുമ്പോൾ നായന്മാർമൂല ഗ്യാലക്സി റസ്റ്റോറന്റിന് സമീപം ദേശീയപാതയിൽ കാർ നിയന്ത്രണം വിട്ട് സ്വകാര്യ വ്യക്തിയുടെ മതിൽ തകർത്ത് വീട്ടിൽ ചെന്ന് ഇടിക്കുകയായിരുന്നു. അഗ്നിശമനസേനയെത്തി കാർ വെട്ടിപ്പൊളിച്ചാണ് ഫഹദിനെ പുറത്തെടുത്തത്. എന്നാൽ ആശുപത്രിയിലെത്തിക്കുമ്പോഴേക്കും മരണമടഞ്ഞിരുന്നു. സഹോദരങ്ങൾ: ഫൈസൽ, ഫർസാന.

കണ്ണൂരിലെ വൻ കൊള്ള; ബംഗ്ലാദേശ് അതിർത്തി സംഘമാണെന്ന് സൂചന

കണ്ണൂർ: മാതൃഭൂമി കണ്ണൂർ യൂണിറ്റ് ന്യൂസ് എഡിറ്റർ കെ.വി നോദ് ചന്ദ്രൻ (53), ഭാര്യ പി.സരിതകുമാരി (50) എന്നിവരെ ആക്രമിച്ച് വീട്ടിനകത്ത് കെട്ടിയിട്ട് വൻ കൊള്ള നടത്തിയത് ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിയിൽ നിന്നുള്ള സംഘമാണെന്ന് സൂചന. സംസ്ഥാനത്ത് സമാനരീതിയിൽ നടന്ന കവർച്ചകൾ പരിശോധിച്ചാണ് ഡി.വൈ.എസ്.പി പി.പി.സദാനന്ദന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം ഇത്തരമൊരു നിഗമനത്തിലെത്തിയത്.

സംസ്ഥാനത്ത് വീട്ടുകാരെ കെട്ടിയിട്ട് കവർച്ച ചെയ്യുന്നത് മഹാരാഷ്ട്ര ശ്രീരാംപൂരിലെ ഒരു സംഘം, തമിഴ്നാട് അയ്യനാർ ഗ്യാങ് എന്നറിയപ്പെടുന്ന മറ്റൊരു സംഘം എന്നിവയാണ്. തമിഴ്നാട് തിരുട്ടുഗ്രാമത്തിൽ നിന്നുള്ള സംഘമാണ് കേരളത്തിൽ പ്രമാദമായ നിരവധി ബാങ്ക് കൊള്ളകൾ നടത്തിയത്. പത്ത് വർഷം മുമ്പ് പള്ളിക്കുന്നിൽ വീട്ടുകാരെ കെട്ടിയിട്ട് കവർച്ച നടത്തിയത് മഹാരാഷ്ട്ര സംഘമായിരുന്നു. അവരെ പിന്നീട് പിടികൂടുകയുണ്ടായി. ബാങ്ക് കവർച്ചാക്കേസുകളിൽ പിടിയിലായതോടെ തമിഴ്നാട് സംഘവും കേരളത്തിൽ സജീവമല്ലെന്നാണ് വിവരം. എറണാകുളം ജില്ലയിൽ തീവണ്ടിപ്പാളങ്ങൾക്കരികെയുള്ള വീടുകളിൽ നേരത്തെ സമാനമായ രീതിയിൽ കൊള്ളകൾ നടന്നിരുന്നു. അതിന് പിറകിൽ അതിർത്തിയിൽ നിന്നുള്ള സംഘമാണെന്ന് മനസിലായിരുന്നു. 30 പേരടങ്ങിയതാണ് ഈ സംഘം. ഇവർ ചേരിതിരിഞ്ഞ് ദക്ഷിണേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നതായി സൂചന ലഭിച്ചിട്ടുണ്ട്. പ്രാദേശിക ഹിന്ദി ഭാഷ അവരെ പിന്നീട് പിടികൂടുകയുണ്ടായി. ബാങ്ക് കവർച്ചാക്കേസുകളിൽ പിടിയിലായതോടെ തമിഴ്നാട് സംഘവും കേരളത്തിൽ സജീവമല്ലെന്നാണ് വിവരം. എറണാകുളം ജില്ലയിൽ തീവണ്ടിപ്പാളങ്ങൾക്കരികെയുള്ള വീടുകളിൽ നേരത്തെ സമാനമായ രീതിയിൽ കൊള്ളകൾ നടന്നിരുന്നു. അതിന് പിറകിൽ അതിർത്തിയിൽ നിന്നുള്ള സംഘമാണെന്ന് മനസിലായിരുന്നു. 30 പേരടങ്ങിയതാണ് ഈ സംഘം. ഇവർ ചേരിതിരിഞ്ഞ് ദക്ഷിണേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നതായി സൂചന ലഭിച്ചിട്ടുണ്ട്. പ്രാദേശിക ഹിന്ദി ഭാഷയിലായിരുന്നു സംസാരിച്ചതെന്നും വ്യക്തമായിട്ടുണ്ട്.

അന്വേഷണത്തിന് രൂപീകരിച്ച പ്രത്യേക പോലീസ് സംഘം ചുമതലകൾ വിഭജിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. സൈബർ സെല്ലുമായി ബന്ധപ്പെട്ട അന്വേഷണം പി.പി. സദാനന്ദന്റെ മേൽനോട്ടത്തിലാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന സമാന കുറ്റകൃത്യങ്ങളിൽ മറ്റൊരു പോലീസ് ഓഫീസറുടെ നേതൃത്തിലുള്ള സംഘമാണ് വിലയിരുത്തുന്നത്. കൊള്ളക്കാർ ഉപയോഗിച്ചതെന്ന് കരുതുന്ന വാഹനവുമായി ബന്ധപ്പെട്ട അന്വേഷണം മറ്റൊരു സംഘത്തിന്റെ ചുമതലയാണ്.

കൊള്ള സംഘം ഒരു കാർ ഉപയോഗിച്ചതായി സംശയമുണ്ട്. സമീപത്തെ സി.സി.ടി.വി ക്യാമറയിൽ കാറിന്റെ അവ്യക്തമായ ദൃശ്യം പതിഞ്ഞിട്ടുണ്ട്. എന്നാൽ ഇതേ പാതയിൽ മറ്റ് സ്ഥലങ്ങളിലുള്ള സി.സി.ടി.വിയിൽ ഈ കാറിന്റെ ദൃശ്യമില്ലെന്നത് പോലീസിനെ കുഴക്കുന്നുണ്ട്. ഈ കൊള്ള സംഘം സ്ഥിരമായി വാഹനം കൊണ്ട് നടക്കാറില്ല. കൊള്ളക്ക് വേണ്ടി എവിടെനിന്നെങ്കിലും വാഹനം മോഷ്ടിക്കുകയോ വാടകയ്ക്ക് എടുക്കുകയോ തട്ടിപ്പിലൂടെ കൈക്കലാക്കുകയോ ആണ് പതിവ്. കൊള്ള നടത്തി കഴിഞ്ഞാൽ സംസ്ഥാനം വിട്ടു പോകുന്ന സംഘം പിന്നീട് ഏറെക്കാലം കഴിഞ്ഞാലാണ് തിരിച്ചെത്താറുള്ളത്.

മദ്യപിക്കാൻ പണം നൽകാത്തതിന് വയോധികന്റെ കഴുത്ത് മുറിച്ച മധ്യവയസ്കൻ അറസ്റ്റിൽ

കണ്ണൂർ: മദ്യപിക്കാൻ പണം നൽകാത്തതിന് വയോധികന്റെ കഴുത്ത് മുറിക്കാൻ ശ്രമം. ഗുരുതരമായി പരിക്കേറ്റ കോട്ടയം സ്വദേശിയായ ഗോപാലനെ (62) കോഴിക്കോട് മെഡി. കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു. കോഴിക്കോട് മുക്കം കളരിപ്പാറ കക്കാടൻപാറ ഹൗസിൽ കരീമിനെ (54) ടൗൺ എസ്.ഐ ശ്രീജിത്ത് കൊടേരി അറസ്റ്റ് ചെയ്തു. ഗോപാലനും കരീമും മത്സ്യത്തൊഴിലാളികളാണ്. ഇന്നലെ വൈകുന്നേരം നാലുമണിയോടെ റെയിൽവേ സ്റ്റേഷന് സമീപം വച്ച് മദ്യപിക്കാൻ കരീം പണം ആവശ്യപ്പെട്ടു. ഗോപാലൻ നൽകാത്തതിനെ തുടർന്ന് വാക്ക് തർക്കം നടക്കുകയും അതിനിടയിൽ കരീം പേനക്കത്തി പോലുള്ള ആയുധം കൊണ്ട് ഗോപാലന്റെ കഴുത്തിനും കൈക്കും മുറിവേൽപ്പിക്കുകയുമായിരുന്നു. രക്തം വാർന്ന് അവശനായതിനെ തുടർന്നാണ് ഗോപാലനെ മെഡി. കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയത്.

അറസ്റ്റിലായ കരീം

പരിക്കേറ്റ ഗോപാലൻ

ആൾക്കൂട്ട മർദ്ദനം, യുവാവിന്റെ ജീവനൊടുക്കൽ; വാട്സ്ആപ്പ് അഡ്മിൻ അറസ്റ്റിൽ

മലപ്പുറം: ആൾക്കൂട്ട മർദനത്തിൽ മനംനൊന്ത് യുവാവ് ജീവനൊടുക്കിയ സംഭവത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പിന്റെ അഡ്മിൻ അറസ്റ്റിലായി. കുറ്റിപ്പാല അബ്ദുൾനാസർ ആണ് പിടിയിലായത്. യുവാവിനെ അക്രമിക്കുന്ന ഫോട്ടോകൾ ഷെയർ ചെയ്ത വാട്സ്ആപ്പ് ഗ്രൂപ്പിന്റെ അഡ്മിനാണ് ഇയാൾ.

അബ്ദുൾനാസറിന്റെ സഹോദരൻ സഹീറാണ് സാജിദ് എന്ന യുവാവിനെ അക്രമിക്കുന്ന ദൃശ്യങ്ങൾ പകർത്തി സോഷ്യൽ മീഡിയകളിൽ പ്രചരിപ്പിച്ചതെന്ന് പോലീസ് കണ്ടെത്തിയിരുന്നു. ഇതിന്റെ അഡ്മിനാണ് അബ്ദുൾനാസർ. സഹീറിനെ ഇതുവരെ പിടികൂടാനായിട്ടില്ല.

മോഷണക്കുറ്റം ആരോപിച്ച് കഴുത്തിലും കാലിലും കയർ കൊണ്ട് മുഹമ്മദ് സാജിദിനെ കെട്ടിയിട്ട് മർദിക്കുന്ന ദൃശ്യങ്ങൾ സോഷ്യൽ മീഡിയ വഴി പ്രചരിച്ചതിൽ മനംനൊന്തായിരുന്നു ആത്മഹത്യ. സാജിദിന്റെ ആത്മഹത്യാക്കുറിപ്പ് പോലീസ് കണ്ടെടുത്തിരുന്നു.

രണ്ട് കന്യാസ്ത്രീകൾ ബിഷപ്പിന്റെ മോശം പെരുമാറ്റം കാരണം തിരുവസ്ത്രം ഉപേക്ഷിച്ചു

ജലന്ധർ ബിഷപ്പിനെതിരെ ആരോപണവുമായി കൂടുതൽ കന്യാസ്ത്രീകൾ

കോട്ടയം: ജലന്ധർ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെതിരെ ആരോപണവുമായി കൂടുതൽ കന്യാസ്ത്രീകൾ രംഗത്തുവന്നു. ബിഷപ്പ് പലതവണ മോശമായി പെരുമാറിയെന്ന് സഭ വിട്ട ഒരു കന്യാസ്ത്രീ അന്വേഷണ സംഘത്തിന് മൊഴി നൽകി. മഠത്തിൽ വച്ച് ബിഷപ്പ് ബലമായി ആലിംഗനം ചെയ്യുന്നതും ലൈംഗിക ചുവയോടെ പെരുമാറുന്നതും പതിവായിരുന്നുവെന്ന് അവരുടെ മൊഴിയിലുണ്ട്. ബിഷപ്പിന്റെ മോശം പെരുമാറ്റം കാരണം രണ്ട് കന്യാസ്ത്രീകൾ തിരുവസ്ത്രം ഉപേക്ഷിച്ചുവെന്നും അവർ മൊഴി നൽകിയിട്ടുണ്ട്.

ബിഷപ്പിന് അനുകൂലമായി മൊഴി നൽകിയ കുറുവലങ്ങാട് മഠത്തിലെ ഒരു കന്യാസ്ത്രീ തിരുവസ്ത്രം ഉപേക്ഷിക്കാൻ തീരുമാനിച്ചതായും സൂചനയുണ്ട്. ബിഷപ്പിന്റെ ഭാഗത്തുനിന്നുള്ള കടുത്ത സമ്മർദത്തെ തുടർന്നാണത്രെ കന്യാസ്ത്രീ അനുകൂലമായ മൊഴി നൽകിയത്. എന്നാൽ പിന്നീട് അവർ അതിന്റെ മാനസിക വിഷമത്തിലായിരുന്നു. ഇതേ തുടർന്നാണ് തിരുവസ്ത്രം ഉപേക്ഷിക്കുന്നതെന്നാണ് സൂചന.

അതിനിടെ കേസുമായി ബന്ധപ്പെട്ട് അന്വേഷണ സംഘം ബഗൽപൂർ ബിഷപ്പ് കുര്യൻ വലിയക്കണ്ടത്തിലിന്റെ മൊഴിയെടുക്കും. ജലന്ധർ ബിഷപ്പ് പീഡിപ്പിച്ച വിവരം ബഗൽപൂർ ബിഷപ്പിനോട് പറഞ്ഞിരുന്നുവെന്ന് കന്യാസ്ത്രീ മൊഴി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ബഗൽപൂർ ബിഷപ്പിന്റെ മൊഴിയെടുക്കാൻ തീരുമാനിച്ചത്.

ഫ്രാങ്കോ മുളയ്ക്കലിന്റെ അറസ്റ്റ് വൈകുന്നതിൽ പ്രതിഷേധിച്ച് പരാതിക്കാരിയായ കന്യാസ്ത്രീ തിങ്കളാഴ്ച ഹൈക്കോടതിയെ സമീപിക്കുമെന്നും സൂചനയുണ്ട്.

ഇന്നും ഇന്ധനവില കൂട്ടി

കേരളത്തിൽ ബന്ദില്ലെന്ന് വ്യാജ പ്രചരണം

കണ്ണൂർ: പെട്രോൾ വിലവർദ്ധനക്കെതിരെ കോൺഗ്രസ് പ്രഖ്യാപിച്ച ഭാരത ബന്ദിൽ നിന്ന് കേരളത്തെ ഒഴിവാക്കിയെന്ന രീതിയിൽ കെ.പി.സി.സി. പ്രസിഡണ്ട് എം.എം. ഹസന്റെ പേരിൽ വ്യാജ പ്രസ്താവന. നവമാധ്യമങ്ങളിൽ ആണ് ചില മനോരോഗികൾ ഇത്തരമൊരു പ്രസ്താവന പോസ്റ്റ് ചെയ്തിരിക്കുന്നത്. അതേ സമയം ഇത്തരമൊരു പ്രസ്താവന കെ.പി.സി.സി പ്രസിഡണ്ട് നടത്തിയിട്ടില്ല. കോൺഗ്രസിന്റെ ഭാരത ബന്ദും ഇടത് പാർട്ടികളുടെ ഹർത്താലും കേരളത്തിലും നടക്കും.

അതേ സമയം പ്രതിഷേധങ്ങളെ വെല്ലുവിളിച്ച് കേന്ദ്ര സർക്കാർ ഇന്നും ഇന്ധനവില വർദ്ധിപ്പിച്ചു. പെട്രോളിന് 50 പൈസയും ഡീസലിന് 55 പൈസയുമാണ് കൂട്ടിയത്. കഴിഞ്ഞ 14 ദിവസമായി തുടർച്ചയായാണ് വില കൂട്ടുന്നത്.

യൂത്ത് കോൺഗ്രസ് മാർച്ചിൽ സംഘർഷം

ഷൊർണ്ണൂർ: പികെ.ശശി എം.എൽ.എക്കെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ട് ഷൊർണ്ണൂർ ഡി.വൈ.എസ്.പി ഓഫീസിലേക്ക് യൂത്ത്കോൺഗ്രസ് നടത്തിയ മാർച്ചിൽ സംഘർഷം. സംസ്ഥാന പ്രസിഡണ്ട് ഡീൻ കുര്യാക്കോസിന്റെ നേതൃത്വത്തിലായിരുന്നു മാർച്ച്. ഡി.വൈ.എസ്.പി ഓഫീസിന് മുന്നിൽ ബാരിക്കേഡ് ഉപയോഗിച്ച് പോലീസ് മാർച്ച് തടഞ്ഞു. ഇതോടെ പ്രവർത്തകർ ബാരിക്കേഡ് തകർക്കാൻ ശ്രമിച്ചു. ഇതാണ് സംഘർഷത്തിനിടയാക്കിയത്. നേതാക്കൾ ഇടപെട്ട് സംഘർഷം ഒഴിവാക്കുകയായിരുന്നു.

നടപടി തുടങ്ങിയെന്ന് ബൃന്ദ, വിട്ടുവീഴ്ചയുണ്ടാകില്ലെന്ന് എസ്. ആർ.പി

ധീരാ, വീരാ... പി.കെ.ശശി ധീരതയോടെ നയിച്ചോളൂവെന്ന് ഒരു വിഭാഗം അണികൾ

തിരുവനന്തപുരം/പാലക്കാട്: ഡി.വൈ.എഫ്.ഐ വനിതാ നേതാവിനെ പീഡിപ്പിച്ചുവെന്ന പരാതിയിൽ പി.കെ.ശശി എം.എൽ.എക്കെതിരെ സംസ്ഥാന നേതൃത്വം നടപടി തുടങ്ങിക്കഴിഞ്ഞുവെന്ന് സി.പി.എം പോളിറ്റ് ബ്യൂറോ അംഗം ബൃന്ദ കാരാട്ട്. കേന്ദ്ര നേതൃത്വത്തിന് പരാതി ലഭിക്കും മുമ്പ് തന്നെ സംസ്ഥാന നേതൃത്വം നടപടി തുടങ്ങിക്കഴിഞ്ഞിരുന്നു. കേന്ദ്ര നേതൃത്വത്തിന് പരാതി ലഭിച്ചയുടൻ സംസ്ഥാന നേതൃത്വത്തിന് കൈമാറിയിരുന്നു. സ്ത്രീകൾക്കെതിരെ അതിക്രമം നടത്തുന്നവരെ വെച്ചു പൊറുപ്പിക്കില്ല. പോലീസിൽ പരാതി നൽകിയാൽ യുവതിക്ക് പാർട്ടി എല്ലാ സഹായവും ചെയ്യുമെന്നും അവർ വ്യക്തമാക്കി.

പി.കെ.ശശിക്കെതിരായ അന്വേഷണം പാർട്ടി വേഗത്തിൽ പൂർത്തീകരിക്കുമെന്ന് മറ്റൊരു പോളിറ്റ്ബ്യൂറോ അംഗം എസ്.രാമചന്ദ്രൻപിള്ള പറഞ്ഞു. തെറ്റു ചെയ്യുന്നവരെ പാർട്ടി സംരക്ഷിക്കില്ല. യുവതിയുടെ പരാതി ലഭിച്ചയുടൻ എ.കെ.ബാലൻ, പി.കെ.ശ്രീമതി എന്നിവരെ അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിരുന്നു. പോലീസിൽ പരാതി നൽകണമോയെന്ന് തീരുമാനിക്കേണ്ടത് യുവതിയാണെന്നും എസ്.ആർ.പി കൂട്ടിച്ചേർത്തു.

അതിനിടെ ആരോപണ വിധേയനായ പി.കെ.ശശിയെ പാലക്കാട് ജില്ലയിലെ ചെറുപ്പുളശേരിയിൽ ഒരു വിഭാഗം പാർട്ടി അണികൾ എഴുന്നള്ളിച്ച് കൊണ്ടുപോകുന്നതിനും ഇന്ന് നാട് സാക്ഷ്യം വഹിച്ചു. പാലക്കാട് ജില്ലയിലെ ബസുകൾ ഇന്ന് ദുരിതാശ്വാസനിധിയിലേക്ക് സഹായധനം സമാഹരിക്കുന്നതിനാണ് സർവീസ് നടത്തുന്നത്. ഇതിന്റെ ജില്ലാ തല ഉദ്ഘാടനം ചെറുപ്പുളശേരിയിൽ നിർവഹിക്കാൻ എത്തിയതായിരുന്നു എം.എൽ.എ. സ്ഥലത്തെത്തിയ പി.കെ.ശശിയെ നിരവധി പ്രവർത്തകർ ചുവപ്പുമാല അണിയിക്കുകയും ധീരാ വീരാ പി.കെ.ശശി ധീരതയോടെ നയിച്ചോളൂ, ലക്ഷം ലക്ഷം പിന്നാലെയെന്ന് മുദ്രാവാക്യം വിളിച്ച് വേദിയിലേക്ക് ആനയിക്കുകയും ചെയ്തു.

എം.എൽ.എക്കെതിരെ പ്രതിഷേധവുമായി യുവമോർച്ച പ്രവർത്തകർ എത്തിയെങ്കിലും ബസ്സ്റ്റാന്റിനരികെ വച്ച് വൻ പോലീസ് സംഘം അവരെ തടയുകയായിരുന്നു.

പെൺകെണി: മുസ്തഫയെ കസ്റ്റഡിയിൽ വാങ്ങി

തളിപ്പറമ്പ: പെൺകെണി കേസിലെ പ്രധാന പ്രതി പയ്യന്നൂർ കാങ്കോൽ സ്വദേശിയും കുറുമാത്തൂർ ചൊറുക്കള വെള്ളാരംപാറയിൽ താമസക്കാരനുമായ ടി.മുസ്തഫയെ തളിപ്പറമ്പ പോലീസ് കസ്റ്റഡിയിൽ വാങ്ങി.

എസ്.ഐ കെ.ദിനേശൻ നൽകിയ ഹർജിയിൽ തളിപ്പറമ്പ് ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേട്ട് കോടതിയാണ് നാല് ദിവസത്തെ കസ്റ്റഡിയിൽ വിട്ടുകൊടുത്തത്. കൂടുതൽ തെളിവെടുപ്പിനാണ് മുസ്തഫയെ കസ്റ്റഡിയിൽ വാങ്ങിച്ചത്.

കണ്ണൂരിൽ മയക്കുമരുന്ന് സഹിതം യുവാക്കൾ അറസ്റ്റിൽ

കണ്ണൂർ: കണ്ണൂർ റെയിഞ്ച് എക്സൈസ് സംഘം നടത്തിയ പരിശോധനയിൽ ഹെറോയിനും കഞ്ചാവും സഹിതം യുവാക്കളെ പിടികൂടി. എക്സൈസ് ഇൻസ്പെക്ടർ എം. ദിലീപിന്റെ നേതൃത്വത്തിലാണ് പുതിയ ബസ്സ്റ്റാന്റിന് സമീപത്ത് വെച്ച് ഹെറോയിൻ സഹിതം യുവാവിനെ പിടികൂടിയത്. കൊടുങ്ങല്ലൂർ സ്വദേശി സോബിൻ (27) ആണ് പിടിയിലായത്. ഇയാളുടെ പക്കൽ നിന്ന് 1.6 ഗ്രാം ഹെറോയിൻ പിടിച്ചെടുത്തു. തളാപ്പിലെ ഷാഹിൽ ചാലിലിനെയാണ് (27) കണ്ണൂർ എസ്.ബി.ഐ ബാങ്കിന് മുന്നിൽ വെച്ച് 25 ഗ്രാം കഞ്ചാവുമായി എക്സൈസ് വലയിലാക്കിയത്. പ്രിവന്റീവ് ഓഫീസർ എൻ. പത്മരാജൻ, സിവിൽ എക്സൈസ് ഓഫീസർമാരായ ഉമേഷ്, യേശുദാസൻ, അജിത്ത് എന്നിവരും പരിശോധനാ സംഘത്തിലുണ്ടായിരുന്നു.

സ്റ്റാഫിനെ ആവശ്യമുണ്ട്

23 വർഷത്തെ സേവന പാരമ്പര്യവുമായി ശ്രീകണ്ഠപുരത്തു പ്രവർത്തിച്ചുവരുന്ന ലുലു സൂപ്പർ ഷോപ്പിയുടെ പുതിയതായി ആരംഭിക്കുന്ന തളിപ്പറമ്പ ബ്രാഞ്ചിലേക്ക് താഴെ പറയുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ട്.

മാനേജർ (M)	യോഗ്യത: ഡിഗ്രി, 5 വർഷത്തെ പ്രവൃത്തിപരിചയം, Age: 30-40	1
സെയിൽസ് സൂപ്പർവൈസർ (M)	യോഗ്യത: ഡിഗ്രി, 4 വർഷത്തെ പ്രവൃത്തിപരിചയം, Age:28-38	3
പർച്ചെയ്സ് മാനേജർ (M)	യോഗ്യത: ഡിഗ്രി, 4 വർഷത്തെ പ്രവൃത്തിപരിചയം, Age:28-35	3
അകൗണ്ടന്റ് (F/M)	GST Trained Candidates only യോഗ്യത: ബികോം, 5 വർഷത്തെ പ്രവൃത്തിപരിചയം, Age:22-28	2
ബില്ലിംഗ് സ്റ്റാഫ് (F/M)	യോഗ്യത: പ്ലസ്ടു, 2 വർഷത്തെ പ്രവൃത്തിപരിചയം, Age:18-22	4
ഡാറ്റാ എന്ട്രി (F/M)	യോഗ്യത: പ്ലസ്ടു, 1 വർഷത്തെ പ്രവൃത്തിപരിചയം, Age:18-22	4
സെയിൽസ് ഗേൾ	Age:18-22 (Fresher's can also Apply) യോഗ്യത: പ്ലസ്ടു/ഡിഗ്രി, മുൻപരിചയമുള്ളവർക്ക് മുൻഗണന,	6
സെയിൽസ് മാൻ	Age:20-28 (Fresher's can also Apply) യോഗ്യത: പ്ലസ്ടു/ഡിഗ്രി, മുൻപരിചയമുള്ളവർക്ക് മുൻഗണന	6
കസ്റ്റമർ കെയർ	Age:20-28 (Best Communication Skil) യോഗ്യത: പ്ലസ്ടു, സമാനമേഖലയിൽ മുൻപരിചയം	2
ക്ലീനിംഗ് സ്റ്റാഫ് (F/M)	തളിപ്പറമ്പ പരിധിയിലുള്ളവർക്ക് മുൻഗണന	2

തളിപ്പറമ്പിൽ നിന്നും 20km. പരിധിയിലുള്ള താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ താഴെ കൊടുത്തിട്ടുള്ള Email IDയിൽ വിശദമായ CV 30-09-2018ന് മുൻപായി അയക്കുക.
lulusreekanda260@gmail.com
Ph:04602232433 Mob:9447647260